# ‘യഥാസ്ഥാനപ്പെടുത്തുന്ന ദൈവം’

## സങ്കീർത്തനം 80:7

‘‘സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.’’

ഈ വചന ഭാഗത്തിലൂടെ കടന്നു പോകുമ്പോൾ നാം ഒന്നു ചിന്തിച്ച് നോക്കുക നമ്മൾ ഓരോരുത്തരും ഇന്ന് യഥാസ്ഥാനപ്പെട്ടവരാണോ. ഭൗതികമായി നോക്കിയാൽ സ്ഥാനവും മാനവും വേണ്ടതിലും അധികം ലഭിച്ച് ഇനി ലഭിക്കേണ്ടുന്ന പുതു സ്ഥാനമാനങ്ങളെ

നോക്കി അയവിറക്കി കഴിയുന്നവരായിരിക്കും നാമോരോരുത്തരും. എന്നാൽ ഇന്ന് സങ്കീർത്തകൻ കരഞ്ഞതുപോലെ നമുക്കും ഒന്ന് ദൈവത്തോട് കരയുവാനുള്ള കാരണം നമ്മുടെ ജീവിതത്തിൽ എത്ര അധികമാണുള്ളതെന്ന് ഓരോ ഹൃദയവും ശോധന ചെയ്ത് നോക്കാം. ദൈവവുമായുള്ള ബന്ധത്തിൽ നാം ഇന്ന് എവിടെ നിൽക്കുന്നു എന്ന് നോക്കാം. അവിടെ ഒരു യഥാസ്ഥനപ്പെടലിന്റെ ആവശ്യമുണ്ടോ എന്ന് ഒന്ന് ചിന്തിച്ച് നോക്കാം.

ഇവിടെ യിസ്രായേലിന്റെ കാര്യമെടുത്താൽ ദൈവവുമായുള്ള അവരുടെ ബന്ധത്തിനൊരു വളരെ വലിയ വിടവ് ഉണ്ടായതായി കാണാം. മിസ്രയേമിൽ നിന്ന് ഫറവോന്റെ അടിമത്വത്തിലായിരുന്ന അവരെ മോശ മുഖാന്തരം വിടുവിച്ച് കനാനിലേക്കുള്ള യാത്രയിൽ അവർ എത്ര മാത്രം ദൈവവുമായി അകന്നു പോയി എന്ന് നമുക്ക് പുറപ്പാട് പുസ്തകത്തിൽ നോക്കിയാൽ കാണാം.

ദൈവത്തിനു അവരുടെ മേൽ കോപമുണ്ടാവാൻ അവരുടെ അനുസരണക്കേട് മാത്രമായിരുന്നില്ല കാരണം, അവരുടെ സ്വാർത്ഥമായ താത്പര്യങ്ങളും, വഴിവിട്ട ജീവിത രീതിയും, ബിംബാരാധനകളും എല്ലാം അതിനൊരു കാരണമായിത്തീർന്നു. ദൈവത്തെ ആരാധിക്കേണ്ട രീതിയിൽ അവനെ അരാധിക്കുവാനോ അവനു കൊടുക്കേണ്ടുന്ന തക്ക മഹത്വം കൊടുക്കുവാനോ അവർ തയ്യാറായില്ല. അവർ അവരുടെ കാര്യത്തിൽ മാത്രം ശ്രദ്ധ ചെലുത്തി അവരാൽ എല്ലാം നടത്തിക്കൊണ്ടുപോകാൻ ശ്രമിച്ചു. ദൈവത്തെ അവർ മറന്നു കളഞ്ഞു. ഒടുവിൽ അവരുടെ ശത്രുക്കളും, അയൽ രാജ്യങ്ങളുമെല്ലാം അവരെ നശിപ്പിപ്പാൻ ശ്രമിക്കുകയും ദൈവം അവരെ കൈവിട്ടു കളഞ്ഞു എന്ന് പല അവസരത്തിലും അവർക്കു മനസ്സിലാകുകയും ചെയ്തപ്പോൾ അവരുടെ മനം കലങ്ങി അവർ ദൈവത്തെ അന്വേഷിച്ച് അവന്റെ കൃപക്കും രക്ഷക്കുമായി കരയാൻ തുടങ്ങി.

പ്രിയ വിശ്വാസിയെ ഇന്ന് നിന്റെ ജീവിതത്തിലും ചില സന്ദർഭങ്ങളിൽ/സമയങ്ങളിൽ ഈ ദൈവവുമായി മറുതലിച്ച് നിന്റേതായ വിചാരങ്ങളിലും ബലത്തിലും ആശ്രയിച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ നീ ശ്രമിക്കാറില്ലേ. എങ്കിൽ നീ ഇന്ന് നിന്റെ ജീവിതത്തിൽ തന്നെ ഒന്ന് നോക്കിക്കേ, നിന്റെ ദൈവവുമായി നീ ഇന്ന് എത്ര മാത്രം അകന്നിട്ടുണ്ട്, എന്ന്?

അവൻ നമ്മുടെ സൃഷ്ടാവയിരിക്കെ നീയാകുന്ന സൃഷ്ടിയിൽ നിന്ന് അവനു തക്ക മഹത്വവും ബഹുമാനവും അവൻ ആഗ്രഹിക്കുമ്പോൾ നീ അത് കൊടുക്കാതിരിക്കുകയും അവനിൽ നിന്ന് അകന്നിരിക്കുകയും ചെയ്യുമ്പോൾ അവൻ നമ്മെ കൈവിടുന്ന ഒരു ദൈവമല്ല മറിച്ച് നമ്മുടെ മടങ്ങി വരവിനായി കാത്തിരിക്കുന്ന ഒരു ദൈവമാണു. ഇന്ന് നമുക്ക് പറയാൻ എളുപ്പമാണു എനിക്ക് ആ തിരക്കുണ്ടായിരുന്നു ഞാൻ അതിൽ കൂടുതൽ സമയം ചിലവഴിച്ചു അല്ലെങ്കിൽ ദൈവത്തിനുവേണ്ടി കൊടുക്കുവാനോ അവനോടൊപ്പം ഇരിക്കുവാനോ അവന്റെ വചനങ്ങൾ വായിച്ച് അതൊന്ന് ധ്യാനിക്കുവാനോ നമുക്കിന്ന് സമയമില്ല. നാം അവനോടുള്ള ആദ്യ സ്നേഹം മറന്നു കളഞ്ഞു. ഇവിടെയാണു നാം ആ മുടിയനായ പുത്രന്റെ ഉപമ ഓർക്കേണ്ടത്.

'ലൂക്കോസ് 15: 11-32 വരെ വായിച്ച് ധ്യാനിക്കുക.''

നമുക്ക് ഇന്ന് എന്നും സന്തോഷിക്കുവാനും ആനന്ദിക്കുവാനുമുള്ള കാരണമെന്ന് പറയുന്നത് നമ്മുടെ ദൈവം ഇന്നലെയും ഇന്നും എന്നും അനന്യനാണു. അവൻ നമ്മെ യഥാസ്ഥാനപ്പെടുത്തുവാൻ എന്നും തയ്യാറായി നിൽക്കുകയാണു. നാം ഇന്ന് ആ മുടിയനായ പുത്രനെപ്പോലെ ഒരു തിരിച്ചുവരവിന്റെ അനുഭവത്തിലാണെങ്കിൽ തീർച്ചയായും അവൻ നമ്മെ യഥാസ്ഥാനപ്പെടുത്തുക തന്നെ ചെയ്യും. പക്ഷെ അത് പൂർണമായ പശ്ചാതാപത്തോടും വിനയത്തോടും അതിലുപരി അവനോടുള്ള സ്നേഹത്തിലുമായിരിക്കണം. കാരണം ആരും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു തന്റെ സ്വന്തപുത്രനെ യാഗമായി നൽകി നമ്മെ വീണ്ടെടുത്തവന്റെ സന്നിധിയിലേക്കാണു നാം കടന്ന് പോകുന്നത്. അവൻ നമ്മെ കൈവിടാത്ത സ്നേഹനിധിയായ ഒരു പിതാവാണു.

സങ്കീർത്തനം 138:8 'യഹോവ എനിക്ക് വേണ്ടി സമാപ്തി വരുത്തും; യഹോവേ, നിന്റെ ദയ എന്നേക്കുമുള്ളത്; തൃക്കൈകളുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതേ.''

ഇന്ന് നാം ഈ ലോകത്തിലായിരിക്കുമ്പോൾ ദൈവത്തിനു നമ്മെക്കുറിച്ചുള്ള ആഗ്രഹമെന്ന് പറയുന്നത് നാം ഈ ലോകമോഹങ്ങളിൽ വീണു ഭ്രമിച്ച് പോകാതെ അവനെ മാത്രം അന്വേഷിക്കുകയും സ്നേഹിക്കുകയും ചെയ്തുകൊണ്ട് അവനെ

പിൻപറ്റി ഓരോ ദിവസവും അവൻ ദാനമായ് തരുന്ന ജീവിതം മുന്നോട്ട് കാണ്ട്പോകാനാണു. അതിനു അവന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :

ലൂക്കോസ് 1:32

'നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ട താവശ്യമായിരിക്കുന്നു.''

ബ്രദർ ബിനു ബേബി ആലപ്പുഴ 003